

ദീനിന്റെ പേരിൽ ശാരീരികമോ സാമ്പത്തികമോ ആയ പരീക്ഷണത്തിലകപ്പെട്ട് നഷ്ടം ഭവിച്ചാൽ ആ നഷ്ടത്തിനു പിന്നിൽ പരലോകത്ത് മഹത്തായ നേട്ടം കാത്തിരിക്കുന്നുണ്ട്; സമ്പൂർണമായി അല്ലാഹുവിൽ സമർപ്പിക്കുകയും അവന്റെ വിധിയിൽ തൃപ്തനാവുകയും ചെയ്തിട്ടുണ്ടെങ്കിൽ. എന്നാൽ, പരീക്ഷണങ്ങളിൽ പരിഭ്രാന്തനാവുകയും അല്ലാഹുവിന്റെ അനുഗ്രഹത്തിൽ നിരാശപ്പെടുകയും അവനെക്കുറിച്ച് മോശമായ ധാരണകൾ പുലർത്തുകയും ചെയ്യുന്ന മൂഢൻ ഈ ലോകത്ത് നഷ്ടമനുഭവിക്കുന്നതോടൊപ്പം തന്റെ പരലോകവും നഷ്ടപ്പെടുത്തുന്നു.

# ഖുർആൻ ബോധനം

**എ.വൈ.ആർ**

സൂറ-22

# അൽഹജ്ജ്

ذَٰلِكَ بِمَا قَدَّمَتْ يَدَاكَ وَأَنَّ ٱللَّهَ لَيْسَ بِظَلَّٰمٍ لِّلْعَبِيدِ ﴿١٠﴾

**10.** അപ്പോൾ അവനോടു പറയപ്പെടും: ഇത് നിന്റെ കരങ്ങൾ നിനക്കു വേണ്ടി ഒരുക്കിവെച്ചതാകുന്നു. അല്ലാതെ അല്ലാഹു അവന്റെ അടിയാറുകളെ പീഡിപ്പിക്കുന്നവനല്ല തന്നെ.

**10**

ذَٰلِكَ = ഇത്

بِمَا قَدَّمَتْ يَدَاكَ = നിന്റെ കരങ്ങൾ (തന്നെ നിനക്കു വേണ്ടി ഒരുക്കിവെച്ചതാകുന്നു) മുന്തിച്ചതുകൊണ്ടാകുന്നു

وَأَنَّ ٱللَّهَ = തീർച്ചയായും അല്ലാഹു لَيْسَ بِظَلَّٰمٍ = ഒട്ടും അക്രമിക്കുന്നവനല്ല, പീഡിപ്പിക്കുന്നവനല്ല

لِّلْعَبِيدِ = (അവന്റെ) അടിയാറുകളെ

ഈ സൂക്തത്തിൽ, 'അവനോട് പറയപ്പെടുന്നു' (قيل او يقال) എന്ന ഒരു വാക്ക് അനുക്തമായിട്ടുണ്ടെന്ന് സന്ദർഭത്തിൽ നിന്ന് സ്പഷ്ടമാകുന്നു. അതായത് സാഹചര്യം അവരോട് സാക്ഷ്യപ്പെടുത്തുന്നു: ഈ വിപര്യയം നിങ്ങൾ വിതച്ച വിത്തിന്റെ വിള തന്നെയാണ്. അല്ലാഹു നിങ്ങളോട് ഒരനീതിയും ചെയ്യുന്നില്ല. ظلم-ന്റെ അത്യുത്തമ വാചിയാണ് ظَلَّام. അറബിയിൽ ഈ പദരൂപം നിഷേധത്തോടു ചേർത്തുവന്നാൽ അത്യുത്തമാർഥം -مبالغة- ലഭിക്കുക നിഷേധത്തിനാണ്. لَيْسَ بِظَلَّٰمٍ എന്നാൽ അത്യധികം ആക്രമിക്കുന്നവനല്ല എന്നല്ല, ഒട്ടും ആക്രമിക്കുന്നവനല്ല എന്നാണർഥം. സൂക്തത്തിന്റെ താൽപര്യമിതാണ്: മനുഷ്യൻ ഈ ലോകത്ത് വിതക്കുന്നതിന്റെ വിളയാണ് പരലോകത്ത് കൊയ്യുക. അഹന്തയും ധിക്കാരവും കൃഷി ചെയ്താൽ വിളയുക എല്ലാ സൗഭാഗ്യങ്ങളും കരിച്ചുകളയുന്ന നിന്ദ്യതയും നരകാഗ്നിയുമാണ്, അത് നീതിയുടെ താൽപര്യമാണ്. പ്രകൃതി നിയമമാണ്; അല്ലാഹുവിന്റെ ഭാഗത്തുനിന്നുള്ള അനീതിയോ അന്യായമോ അല്ല. ■

وَمِنَ ٱلنَّاسِ مَن يَعْبُدُ ٱللَّهَ عَلَىٰ حَرْفٍ ۖ فَإِنْ أَصَابَهُۥ خَيْرٌ ٱطْمَأَنَّ بِهِۦ ۖ
وَإِنْ أَصَابَتْهُ فِتْنَةٌ ٱنقَلَبَ عَلَىٰ وَجْهِهِۦ خَسِرَ ٱلدُّنْيَا وَٱلْءَاخِرَةَ ۚ ذَٰلِكَ
هُوَ ٱلْخُسْرَانُ ٱلْمُبِينُ ﴿١١﴾

**11.** ഓരത്തുനിന്നുകൊണ്ട് അല്ലാഹുവിന് ഇബാദത്തു ചെയ്യുന്ന ചില ജനവുമുണ്ട്. നേട്ടമുണ്ടായാൽ അവൻ സംതൃപ്തനാകുന്നു. വല്ല പരീക്ഷണവും നേരിടേണ്ടിവന്നാലോ, തിരിഞ്ഞുനടക്കുകയായി. അവന് ഇഹവും പരവും നഷ്ടമായിരിക്കുന്നു. തെളിഞ്ഞ മഹാ നഷ്ടം തന്നെയാണത്.

# ഖുർആൻ ബോധനം

**11**

وَمِنَ ٱلنَّاسِ مَن يَعْبُدُ ٱللَّهَ = ആളുകളിൽ അല്ലാഹുവിന് ഇബാദത്തു ചെയ്യുന്ന ചിലർ (ചില ജനമുണ്ട്)

عَلَىٰ حَرْفٍ = തെല്ലിന്മേൽ(ഓരത്തുനിന്നു കൊണ്ട്) فَإِنْ أَصَابَهُۥ خَيْرٌ = അവർക്ക് വല്ല നേട്ടം ഉണ്ടായാൽ

ٱطْمَأَنَّ بِهِۦ = അതുകൊണ്ട് സംതൃപ്തനാ(കുന്നു)യി

وَإِنْ أَصَابَتْهُ فِتْنَةٌ = അവന്നൊരു പരീക്ഷണം ബാധിച്ചാൽ (വല്ല പരീക്ഷണവും നേരിടേണ്ടിവന്നാലോ)

ٱنقَلَبَ عَلَىٰ وَجْهِهِۦ = അവന്റെ മുഖത്തിന്മേൽ മറിഞ്ഞു (തിരിഞ്ഞു നടക്കുകയായി)

خَسِرَ ٱلدُّنْيَا وَٱلْءَاخِرَةَ = (അവന്) ഇഹവും പരവും നഷ്ടമായിരിക്കുന്നു ذَٰلِكَ = അത്

هُوَ ٱلْخُسْرَانُ = അത് (മഹാ) നഷ്ടം(തന്നെ) ആകുന്നു ٱلْمُبِينُ = തെളിഞ്ഞ

**ബ**ഹുദൈവ വിശ്വാസവും വിഗ്രഹാരാധനയും നിലനിർത്താൻ ഇസ്‌ലാമിനോടു പോരാടുന്ന അവിശ്വാസികളെക്കുറിച്ച് പറഞ്ഞ ശേഷം, ഒരേസമയം ഇസ്‌ലാമിനെയും കുഫ്‌റിനെയും അംഗീകരിക്കുന്നവരെക്കുറിച്ച് പറയുകയാണ്. സത്യത്തിന്റെയും അസത്യത്തിന്റെയും വാഹകരായിക്കൊണ്ട് അല്ലാഹുവിനെയും അല്ലാഹുവല്ലാത്തവരെയും പ്രീതിപ്പെടുത്താനാണ വരുടെ ശ്രമം. തികഞ്ഞ മുസ്‌ലിമല്ല; തികഞ്ഞ മുശ്‌രിക്കുമല്ല. സ്വന്തം താൽപര്യങ്ങൾ അനുവദിക്കുന്നേടത്തോളം ഇസ്‌ലാം ആയിരിക്കും. ഭൗതിക താൽപര്യം സംരക്ഷിക്കാൻ എത്രത്തോളം ബഹുദൈവാരാധകനാകണമോ അത്രത്തോളം മുശ്‌രിക്കും. ഇസ്‌ലാമിന്റെ ഉദയ ഘട്ടത്തിൽ ഏകദൈവവിശ്വാസവും വിഗ്രഹാരാധനയും തമ്മിൽ നീക്കുപോക്കുണ്ടാക്കാൻ ആഗ്രഹിച്ച ധാരാളം ആളുകൾ അറബികളിലും വേദക്കാരിലും ഉണ്ടായിരുന്നു. മുഹമ്മദ് നബി പ്രബോധനം ചെയ്യുന്ന ആദർശം സത്യമാണെന്ന് ഞങ്ങൾ അംഗീകരിക്കുന്നു. ഏകദൈവത്തെ ആരാധിക്കുകയും ചെയ്യാം. എന്നാൽ തലമുറ തലമുറകളായി ആരാധിച്ചുപോന്ന വിഗ്രഹങ്ങളെയൊക്കെ അങ്ങനെയങ്ങ് തള്ളിക്കളയാമോ? എന്തെങ്കിലുമൊക്കെ പ്രയോജനം ലഭിച്ചതുകൊണ്ടാണല്ലോ പൂർവികർ അവയെ ആരാധിച്ചത്. അങ്ങനെ വല്ല പ്രയോജനവുമുണ്ടെങ്കിൽ അതെന്തിനു തള്ളിക്കളയണം? ഇനി പ്രയോജനമൊന്നുമില്ലെങ്കിലും അവ ആരാധിക്കപ്പെടുന്നതുകൊണ്ട് സാക്ഷാൽ ദൈവത്തിനു കോട്ടമൊന്നും ഉണ്ടാവില്ലല്ലോ. പിന്നെന്തിന് വിഗ്രഹാരാധനയിലൂടെ ആത്മവിശ്വാസവും മനഃശാന്തിയും തേടുന്ന ആളുകളെ അതിൽ നിന്ന് തടയണം? കൂടാതെ സംഘർഷങ്ങളൊഴിവാക്കാൻ മറ്റു മതങ്ങളുടെ ആചാരങ്ങളും വിശ്വാസങ്ങളുമൊക്കെ പരസ്പരം പങ്കുവെച്ച് വർത്തിക്കുകയാണ് വേണ്ടത്. ഈ വിചാരഗതിയുള്ളവർ സഹോദരമതങ്ങളിൽ മാത്രമല്ല, ഇക്കാലത്ത് മുസ്‌ലിംകളിലുമുണ്ട്. ഇസ്‌ലാം ഓരോ രാജ്യത്തും ആ രാജ്യത്തെ ദേശീയ സംസ്‌കാരത്തിന്റെ വർണം സ്വീകരിക്കണമെന്നാണവരുടെ നിലപാട്. അതിനു വേണ്ടി ഖുർആനിൽ പോലും ഭേദഗതികളാവാമെന്ന് കരുതുന്നവരുമുണ്ട്.ഇതര മത വിഭാഗങ്ങളുമായി സൗഹാർദത്തിൽ വാഴുന്നതിനെയും സഹകരിച്ചു പ്രവർത്തിക്കുന്നതിനെയും ഇസ്‌ലാം പ്രോത്സാഹിപ്പിക്കുന്നുണ്ട്. എന്നാൽ, ഇസ്‌ലാമിന്റെ ആദർശ വിശ്വാസങ്ങൾക്ക് വിരുദ്ധമായ ആദർശ വിശ്വാസങ്ങളെ അതിൽ കൂട്ടിക്കലർത്താനോ, വിരുദ്ധ ദർശനങ്ങളുമായി ഒത്തുതീർപ്പുണ്ടാക്കാൻ ഇസ്‌ലാമിക ആദർശങ്ങളിൽ വല്ലതും ഒഴിവാക്കാനോ മരവിപ്പിക്കാനോ അതനുവദിക്കുന്നില്ല. ഇക്കാര്യത്തിൽ മുസ്‌ലിമിന്റെ നിലപാട് വളരെ വ്യക്തമാണ്.

وَلَآ أَنَا۠ عَابِدٌ مَّا عَبَدتُّمْ ﴿٤﴾ وَلَآ أَنتُمْ عَـٰبِدُونَ مَآ أَعْبُدُ ﴿٥﴾ لَكُمْ دِينُكُمْ وَلِىَ دِينِ

(നിങ്ങൾ ആരാധിക്കുന്നതിനെ ആരാധിക്കുന്നവല്ല ഞാൻ. ഞാൻ ആരാധിക്കുന്നതിനെ ആരാധിക്കുന്നവരല്ല നിങ്ങളും. നിങ്ങൾക്ക് നിങ്ങളുടെ ദീൻ. എനിക്ക് എന്റെ ദീൻ- 109:4-6)

ദീനിന്റെ തത്ത്വങ്ങളും മൂല്യങ്ങളും ആഴത്തിൽ ഉൾക്കൊള്ളാതെ ഭൗതിക നേട്ടങ്ങൾ പ്രതീക്ഷിച്ചു മാത്രം ഇസ്‌ലാമിൽ ചേരുന്നവരാണ് ഇനിയൊരു കൂട്ടർ. പ്രവാചകൻ(സ)മദീനയിലെത്തിയ ശേഷം ഉൾപ്രദേശങ്ങളിൽ നിന്ന് വന്ന് ഇസ്‌ലാം സ്വീകരിച്ചിരുന്ന ബദവികളിൽ പലരും ഇത്തരക്കാരായിരുന്നു. നബി(സ)യുടെ കൈവശം സമ്പത്തുള്ളപ്പോൾ അവർക്ക് ധാരാളം കൊടുക്കുമായിരുന്നു. അതിൽ സന്തുഷ്ടരായി അവർ പുതിയ ദീനിനെ പുകഴ്ത്തുന്നു. പൊതു ഖജനാവ് ശുഷ്‌ക്കമാവുകയും ആനുകൂല്യങ്ങൾ കുറയുകയും ചെയ്യുമ്പോൾ അസംതൃപ്തരാകും. ഈ ദീൻ ഗുണകരമല്ല എന്ന് ആക്ഷേപിക്കും. ഇസ്‌ലാം സ്വീകരിച്ചാൽ സമ്പത്തും സൗഭാഗ്യവും തങ്ങളിലേക്കൊഴുകിയെത്തുമെന്നായിരുന്നു ചിലരുടെ വിചാരം. ഇസ്‌ലാമിൽ ചേർന്ന ശേഷം ആൺകുട്ടി ജനിച്ചാൽ, ഒട്ടകവും കുതിരയുമൊക്കെ പ്രസവിച്ചാൽ, നല്ല മഴ ലഭിച്ച് സമൃദ്ധമായ വിളവുണ്ടായാൽ അതെല്ലാം ദീനിന്റെ മെച്ചമായി വിലയിരുത്തും. പെൺകുട്ടി ജനിക്കുകയോ കാലികൾ വർധിക്കാതിരിക്കുകയോ മഴ കിട്ടാതെ കൃഷി നശിക്കുകയോ ഒക്കെ ചെയ്താൽ അതെല്ലാം ദീനിന്റെ കുഴപ്പമായി കരുതുകയും രക്ഷക്കുവേണ്ടി അല്ലാഹുവല്ലാത്തവരോട് പ്രാർഥിച്ച് തുടങ്ങുകയും ചെയ്യും. ഹദീസ് ഗ്രന്ഥങ്ങൾ ഇത്തരം ധാരാളം സംഭവങ്ങൾ ഉദ്ധരിക്കുന്നുണ്ട്. പൂർണമായി ഇസ്‌ലാമിൽ പ്രവേശിക്കുക -ٱدْخُلُوا۟ فِى ٱلسِّلْمِ كَآفَّةً -എന്ന കൽപന മാനിക്കാതെ ഇസ്‌ലാമിനും കുഫ്‌റിനുമിടയിൽ ചാഞ്ചാടുന്നവർ -مُّذَبْذَبِينَ بَيْنَ ذَٰلِكَ لَآ إِلَىٰ هَـٰٓؤُلَآءِ وَلَآ إِلَىٰ هَـٰٓؤُلَآءِ (*അന്നിസാഅ്* 143) ആകുന്നു എന്നതാണ് ഇവരുടെയെല്ലാം പൊതുവായ അവ

സ്ഥ. ഇവരെ കൂടാതെ, കുഫ്റിൽ ഉറച്ചു നിൽക്കെത്തന്നെ സ്വാർഥ ലാഭങ്ങൾക്കു വേണ്ടി മാത്രം മുസ്‌ലിം സമൂഹത്തിൽ അംഗമായി ഭാവിക്കുന്നവരുമുണ്ടായിരുന്നു. അത്തരക്കാർ കപടവിശ്വാസി-منافق- എന്നാണ് വ്യവഹരിക്കപ്പെട്ടിരുന്നത്.

മൂലത്തിലെ حَرْف -ന് തെല്ല്, അറ്റം, തെറ്റിക്കൽ, കൊടുമുടി, അക്ഷരം, ലിപി എന്നെല്ലാം അർഥമുണ്ട്. حرف النهر നദീതീരമാണ്. حرف الجبل മലയുടെ ഉച്ചിയും. അറബി അക്ഷരമാലക്ക് حروف الأبجدية എന്നു പറയും. വചനം ദുർവ്യാഖ്യാനം ചെയ്യുന്നതും, അർഥവ്യത്യാസമുണ്ടാക്കാൻ പദങ്ങളിലെ അക്ഷരം തെറ്റിക്കുന്നതും تحريف ആണ്. യുദ്ധത്തിലും മറ്റും പടക്കളത്തിന്റെ മധ്യത്തിൽ നിൽക്കാതെ സന്ദിഗ്ധ ഘട്ടത്തിൽ ഓടിപ്പോകാൻ പാകത്തിൽ ഓരം ചേർന്നു നിൽക്കുന്നതിനെക്കുറിച്ച് يقوم علي حرف എന്നു പറയുന്നു. മുസ്‌ലിം എന്ന് അവകാശപ്പെട്ടുകൊണ്ട് ഇസ്‌ലാം ആവശ്യപ്പെടുന്ന അധ്വാന പരിശ്രമങ്ങൾക്കോ ത്യാഗങ്ങൾക്കോ തയാറില്ലാതെ പ്രതിസന്ധി ഘട്ടങ്ങളിൽ പിന്മാറാൻ പാകത്തിലുള്ള ദീനീ നിലപാട് കൈക്കൊണ്ടവരെയാണ് ഇവിടെ ഉദ്ദേശിക്കുന്നത്. അവർ അല്ലാഹുവിനെ ആരാധ്യനായി അംഗീകരിക്കുന്നു. ഖുർആനെ ദൈവിക ഗ്രന്ഥമായും അംഗീകരിക്കുന്നു. പക്ഷേ, സംസ്കാര-നാഗരികതകളിലും സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ കാര്യങ്ങളിലുമൊക്കെ പിന്തുടരുന്നത് ഇതര പ്രത്യയശാസ്ത്രങ്ങളെയായിരിക്കും. നമസ്കരിക്കുമ്പോൾ ഉരുവിടാനും മരണവീടുകളിൽ പാരായണം ചെയ്യാനുമുള്ള മന്ത്രങ്ങൾ മാത്രമാണ് അവർക്ക് ഖുർആൻ. അവരുടെ വീക്ഷണത്തിൽ അത് ജീവിക്കുന്നവർക്കു വേണ്ടിയുള്ളതല്ല, മരിച്ചവർക്കു വേണ്ടിയുള്ളതാണ്. അവർക്ക് ദൈവത്തോടുള്ള അടിമത്തം -ഇബാദത്ത്- സ്വന്തം താൽപര്യങ്ങൾ സംരക്ഷിക്കുന്നേടത്തോളമേ വേണ്ടൂ. കാര്യങ്ങളൊക്കെ തങ്ങളാഗ്രഹിക്കുംപടി നടക്കുന്നുവെങ്കിൽ തൗഹീദ് നല്ലതുതന്നെ. അതിന്റെ പേരിൽ പ്രതിസന്ധികളും വെല്ലുവിളികളും നേരിടേണ്ടിവരികയും അത് പരിശ്രമങ്ങളും ത്യാഗങ്ങളും ആവശ്യപ്പെടുകയും ചെയ്യുകയാണെങ്കിൽ അവർ അല്ലാഹുവിനെ വിട്ട് മറ്റ് സന്നിധാനങ്ങളിലേക്ക് തിരിയുന്നു. ദീനിന്റെ പേരിൽ നേരിടേണ്ടിവരുന്ന പ്രതിസന്ധികളെയും പീഡനങ്ങളെയുമാണ് ഇവിടെ فتنة എന്ന വാക്കിലൂടെ സൂചിപ്പിക്കുന്നത്. പരീക്ഷണങ്ങളിൽ നിന്ന് ഒളിച്ചോടുന്നവരുടെ ഈമാനിന് അല്ലാഹുവിങ്കൽ ഒരു പരിഗണനയുമില്ല. خَسِرَ ٱلدُّنْيَا وَٱلْـَٔاخِرَةَ - ഈ മൂഢന്മാർ ഇഹവും പരവും പാഴാക്കുകയാണ്. ദീനിന്റെ പേരിൽ ശാരീരികമോ സാമ്പത്തികമോ ആയ പരീക്ഷണത്തിലകപ്പെട്ട് നഷ്ടം ഭവിച്ചാൽ ആ നഷ്ടത്തിനു പിന്നിൽ പരലോകത്ത് മഹത്തായ നേട്ടം കാത്തിരിക്കുന്നുണ്ട്; സമ്പൂർണമായി അല്ലാഹുവിൽ സമർപ്പിക്കുകയും അവന്റെ വിധിയിൽ തൃപ്തനാവുകയും ചെയ്തിട്ടുണ്ടെങ്കിൽ. എന്നാൽ, പരീക്ഷണങ്ങളിൽ പരിഭ്രാന്തനാവുകയും അല്ലാഹുവിന്റെ അനുഗ്രഹത്തിൽ നിരാശപ്പെടുകയും അവനെക്കുറിച്ച് മോശമായ ധാരണകൾ പുലർത്തുകയും ചെയ്യുന്ന മൂഢൻ ഈ ലോകത്ത് നഷ്ടമനുഭവിക്കുന്നതോടൊപ്പം തന്റെ പരലോകവും നഷ്ടപ്പെടുത്തുന്നു. അതാണ് യഥാർഥവും സ്പഷ്ടവുമായ നഷ്ടം- ذَٰلِكَ هُوَ ٱلْخُسْرَانُ ٱلْمُبِينُ . പരലോക നേട്ടം ഉറപ്പുവരുത്തുന്നതാണെങ്കിൽ ഇഹലോകത്തനുഭവിക്കുന്ന ശരീര പീഡയും ധനനാശവുമൊന്നും ഒരിക്കലും ഒരു നഷ്ടമാകുന്നില്ല. പരലോകം നഷ്ടപ്പെടുത്തുന്ന വിധത്തിൽ ഇഹലോകം നേടുന്നവൻ യഥാർഥത്തിൽ രണ്ടു ലോകവും നഷ്ടപ്പെടുത്തുകയാണ്.

ഇസ്‌ലാം സ്വീകരിച്ച ശേഷം ഒരു യഹൂദന്റെ കാഴ്ച നഷ്ടപ്പെടുകയും മകൻ മരിക്കുകയും വലിയ ധനനഷ്ടം നേരിടുകയും ചെയ്തു. അയാൾ പ്രവാചകന്റെ അടുത്തുവന്ന് പറഞ്ഞു: "എനിക്ക് ഈ ദീൻ കൊണ്ട് ഒരു നേട്ടവുമുണ്ടായില്ല. എല്ലാം നഷ്ടപ്പെടുകയായിരുന്നു." പ്രവാചകൻ അയാളോടു പറഞ്ഞു: "അഗ്നി ഇരുമ്പിനെയും സ്വർണത്തെയും വെള്ളിയെയും ശുദ്ധീകരിക്കുന്നതുപോലെ ഇസ്‌ലാം വ്യക്തികളെ ശുദ്ധീകരിക്കുന്നു." ■

---

يَدْعُوا۟ مِن دُونِ ٱللَّهِ مَا لَا يَضُرُّهُۥ وَمَا لَا يَنفَعُهُۥ ۚ ذَٰلِكَ هُوَ ٱلضَّلَـٰلُ ٱلْبَعِيدُ ﴿١٢﴾

12. എന്നിട്ടവൻ അല്ലാഹുവിനെ വെടിഞ്ഞ്, തനിക്കു ഗുണമോ ദോഷമോ ചെയ്യാൻ കഴിവില്ലാത്തതിനെ പ്രാർഥിക്കുന്നു. അതാകട്ടെ, മാർഗച്യുതിയുടെ പാരമ്യമാകുന്നു.

يَدْعُوا۟ لَمَن ضَرُّهُۥٓ أَقْرَبُ مِن نَّفْعِهِۦ ۚ لَبِئْسَ ٱلْمَوْلَىٰ وَلَبِئْسَ ٱلْعَشِيرُ ﴿١٣﴾

13. അവൻ വിളിച്ചു പ്രാർഥിക്കുന്നത് ഗുണത്തെക്കാൾ ദോഷം പ്രതീക്ഷിക്കേണ്ടതിനെയാകുന്നു. എത്ര മോശപ്പെട്ട രക്ഷകൻ! എത്ര ദുഷിച്ച സഹാവ്!

# ഖുർആൻ ബോധനം

**12,13**

അല്ലാഹുവിനെ വെടിഞ്ഞ്=مِن دُونِ ٱللَّهِ അവൻ പ്രാർഥിക്കുന്നു=يَدْعُوا۟

ഉപദ്രവം ചെയ്യാത്തതിനെയും ഉപകാരം ചെയ്യാത്തതിനെയും =مَا لَا يَضُرُّهُۥ وَمَا لَا يَنفَعُهُۥٓ

(ഗുണമോ ദോഷമോ ചെയ്യാൻ കഴിവില്ലാത്തതിനെ)

അത് വിദൂരമായ മാർഗഭ്രംശമാകുന്നു (മാർഗച്യുതിയുടെ പാരമ്യമാകുന്നു) = هُوَ ٱلضَّلَٰلُ ٱلْبَعِيدُ അത് (ആകട്ടെ) = ذَٰلِكَ

അവൻ പ്രാർഥിക്കുന്നു(ന്നത്) = يَدْعُوا۟

അതിന്റെ ദോഷം ഏറ്റം അടുത്തതിനെ(ദോഷം പ്രതീക്ഷിക്കേണ്ടതിനെ)യാകുന്നു = لَمَن ضَرُّهُۥٓ أَقْرَبُ

എത്ര ദുഷിച്ച സഖാവ് = وَلَبِئْسَ ٱلْعَشِيرُ എത്ര മോശപ്പെട്ട രക്ഷകൻ=لَبِئْسَ ٱلْمَوْلَىٰ അതിന്റെ ഗുണത്തേക്കാൾ=مِن نَّفْعِهِۦٓ

**ഈ** സൂക്തങ്ങളിലെ يَدْعُوا۟ مِن دُونِ ٱللَّهِ - يَدْعُوا۟ لَمَن ضَرُّهُۥٓ എന്നീ വാക്യങ്ങളുടെ വ്യാകരണ ഘടനയെ ഭാഷാഭിജ്ഞർ പല വിധത്തിൽ വിശദീകരിച്ചിരിക്കുന്നു. താരതമ്യേന ലളിതമായ വിശദീകരണം ഇതാണ്: يَدْعُوا۟ مِن دُونِ ٱللَّهِ എന്ന വാക്യം 11-ാം സൂക്തത്തിലെ أنقلب എന്ന ക്രിയയുടെ 'അവസ്ഥ' (حال) ആകുന്നു. അല്ലാഹുവിനെക്കൂടാതെ ഗുണദോഷങ്ങളൊന്നും ചെയ്യാൻ കഴിവില്ലാത്തതിനോട് പ്രാർഥിച്ചുകൊണ്ട് പിന്തിരിയുന്നു എന്നു സാരം. ആദ്യത്തെ يَدْعُوا۟-ന്റെ ആവർത്തനമാണ് രണ്ടാമത്തെ يَدْعُوا۟. ഇത് أنقلب-യുടെ മറ്റൊരു 'അവസ്ഥ' (حال) ആകുന്നു. അതായത് തങ്ങൾക്ക് ഗുണത്തെക്കാളേറെ ദോഷം പ്രതീക്ഷിക്കാവുന്നതിനെ പ്രാർഥിച്ചുകൊണ്ട് പിന്തിരിയുന്നു. لَمَن ضَرُّهُۥٓ എന്നതിലെ لَ അർഥത്തെ ശക്തിപ്പെടുത്താനുള്ളത് (تأكيد) ആണെന്നും, അധികാക്ഷരം (زائدة) ആണെന്നും അഭിപ്രായങ്ങളുണ്ട്. ضَرُّهُۥٓ أَقْرَبُ مِن نَّفْعِهِۦٓ എന്ന വാക്യത്തിന്റെ ഭാഷാർഥം ഗുണത്തേക്കാളേറെ ദ്രോഹം അടുത്താകുന്നു എന്നാണ്. ആ പ്രാർഥനയിലൂടെ വല്ലതും പ്രതീക്ഷിക്കേണ്ടതുണ്ടെങ്കിൽ അത് ദോഷമാകുന്നു എന്നാണ് താൽപര്യം. ആദ്യം അവർ പ്രാർഥിക്കുന്നത് ഗുണമോ ദോഷമോ ചെയ്യാൻ കഴിയാത്തതിനെയാണെന്ന് പറഞ്ഞ ശേഷം അതിൽ നിന്ന് ദോഷമാണ് ഏറെ പ്രതീക്ഷിക്കേണ്ടത് എന്ന് പറയുന്നതിൽ വൈരുധ്യമില്ലേ എന്ന ചോദ്യമുയരാം. അതിന്റെ- ദോഷം-ضرہ- എന്നു പറയുന്നത് അത് സൃഷ്ടിക്കുന്ന ദോഷം എന്ന അർഥത്തിലല്ല; അതിനെ പ്രാർഥിക്കുക മൂലം ഉണ്ടാകുന്ന ദോഷം എന്ന അർഥത്തിലാണ്. യാതൊരു ശക്തിയുമില്ലാത്ത കൃത്രിമ ദൈവങ്ങളെ ആരാധിക്കുന്നതിൽ പല ദോഷങ്ങളുമുണ്ട്. മനുഷ്യൻ മൂഢനാകുന്നുവെന്നതും യഥാർഥ ദൈവത്തിൽ നിന്ന് അകറ്റപ്പെടുന്നുവെന്നതും ചെകുത്താന്റെ കെണിയിൽ പെടുന്നു എന്നതുമാണ് പ്രധാന ദോഷങ്ങൾ. ധനനഷ്ടം, സമയ നഷ്ടം തുടങ്ങിയ മറ്റു ദോഷങ്ങളും നിരവധിയാണ്. മുൻ സൂക്തത്തിൽ بَعُد ഉപയോഗിച്ചിട്ടുള്ളത് ആ വാക്കിന്റെ എല്ലാ അർഥങ്ങളും ഉദ്ദേശിച്ചാണ്. അതുപോലെ ഈ വചനങ്ങളിൽ يَدْعُوا۟ ഉപയോഗിച്ചിരിക്കുന്നത് دعاء-ന്റെ പ്രാർഥന, കരുണാർഥന, ത്രാണനം, സഹായാർഥന- اسْتِعانة- മുതലായ എല്ലാ അർഥങ്ങളിലുമാണ്. അല്ലാഹുവിനതീതനായ സഹായിയും രക്ഷകനുമായി കരുതി ആരോട് പ്രാർഥിക്കുന്നതും- അത് വിഗ്രഹമാകട്ടെ മറ്റു പ്രതിഷ്ഠകളാകട്ടെ, മരിച്ചവരോ ജീവിച്ചിരിക്കുന്നവരോ ആയ മനുഷ്യരാവട്ടെ- അല്ലാഹുവിൽ പങ്കുചേർക്കലാകുന്നു. അല്ലാഹുവിന്റെ മാത്രം വിധിപ്രകാരമാണ് ഗുണദോഷങ്ങളെല്ലാം സംഭവിക്കുന്നത്. അതിനാൽ അവന്റെ മുമ്പിൽ മാത്രമാണ് ദൈവദാസന്മാർ എപ്പോഴും തങ്ങളുടെ പ്രാർഥന സമർപ്പിക്കേണ്ടത്. അല്ലാഹുവല്ലാത്തവരെ പ്രാർഥിക്കുന്നതിന്റെ അർഥശൂന്യതയും മൗഢ്യവും ഈ സൂറയുടെ 73-ാം സൂക്തത്തിൽ വിശദീകരിക്കുന്നുണ്ട്. സ്രഷ്ടാവും നിയന്താവുമായ അല്ലാഹുവിനെ വിട്ട് ഒന്നും സൃഷ്ടിക്കുകയോ പരിപാലിക്കുകയോ ചെയ്യാത്ത നിസ്സഹായരായ സൃഷ്ടികളോട് അഭയം തേടുന്നത് വെറും മാർഗഭ്രംശമല്ല, മാർഗഭ്രംശത്തിന്റെ പരകോടി ٱلضَّلَٰلُ ٱلْبَعِيدُ ആകുന്നു. വിദൂരമായ മാർഗഭ്രംശം എന്നാണ് വാക്കിന്റെ ഭാഷാർഥം. തിരിച്ചുവരാനാവാത്തത്ര ദൂരത്തേക്ക് വഴിതെറ്റിപ്പോകലാണത്. പരമേശ്വരന്റെ പങ്കാളികളായ ഉപദൈവങ്ങളും അവനിൽ സ്വാധീനമുള്ള ശിപാർശകരുമായി കരുതപ്പെടുന്നവരാണ് ٱلْمَوْلَىٰ എന്ന വാക്കിന്റെ വിവക്ഷ. ഭാഷയിൽ ഈ പദത്തിന് യജമാനൻ, രക്ഷകൻ, മിത്രം, ഉടമ, കൈകാര്യാധികാരി എന്നെല്ലാം അർഥമുണ്ട്. ഈ അർഥങ്ങളിലെല്ലാം ഉപയോഗിക്കാറുമുണ്ട്. പരസ്പരം ഇടകലർന്ന് കഴിയുന്ന സഖാവും ചങ്ങാതിയും ബന്ധുവുമൊക്കെയാണ് عشير . കുടുംബത്തിനും ഗോത്രത്തിനും عشيرة എന്നു പറയും. ഇവിടെ ഉദ്ദേശിക്കുന്നത് വ്യാജദൈവങ്ങളിലേക്ക് നയിക്കുന്ന ആചാര്യന്മാരെയും ശിഷ്യന്മാരെയും നേതാക്കളെയും നീതന്മാരെയുമൊക്കെയാണ്. പ്രാർഥിക്കപ്പെടുന്ന ദൈവേതരന്മാർ രക്ഷകരും സഹായികളുമെന്ന നിലയിൽ തികച്ചും നിസ്സഹായരും പരാജിതരുമാണ്. അത്തരം മിഥ്യാ രക്ഷകരിലേക്ക് ജനങ്ങളെ നയിക്കുന്ന നേതാക്കളും ഗുരുക്കന്മാരും ചങ്ങാതിമാരുമെല്ലാം ഏറ്റം നികൃഷ്ടരായ സഖാക്കളുമാകുന്നു. ■